IV. സബ്മിഷൻ

(1) ഹൗസ് ബോട്ടുകളുടെ പ്രവർത്തനംമൂലം വേമ്പനാട്ട് കായലിലും മറ്റും ഉണ്ടായിട്ടുള്ള മാലിന്യങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ടൂറിസം രംഗത്തു ഒരു പുതിയ വ്യവസായമായിട്ട് ഹൗസ് ബോട്ടുകൾ മാറിയിരിക്കുകയാണ്. വേമ്പനാട്ടു കായലും കുമരകവുമെല്ലാം തന്നെ ഈ ഹൗസ് ബോട്ടുകളുടെ പ്രവർത്തനമേഖലയാണ്. ഏതാണ്ട് 350-ഓളം ചെറുതും വലുതുമായ ഹൗസ് ബോട്ടുകളാണ് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഹൗസ് ബോട്ടുകൾ പ്രവർത്തിക്കാനാരംഭിച്ചതിനെത്തുടർന്ന് ആ ബോട്ടിന്റെ എൻജിനുകൾ പ്രവർത്തിക്കുമ്പോൾ മണ്ണെണ്ണയും പെട്രോളുമടക്കമുള്ള ഇന്ധനങ്ങൾ വെള്ളത്തിൽ വീണ് ജലം മലീമസമാകുന്നു. ഈ വെള്ളമാണ് കുട്ടനാട്ടിലെ കൃഷിക്കാർ കൃഷിക്ക് ഉപയോഗിക്കുന്നത്. ഇതു കൃഷി നാശമുണ്ടാക്കുന്നു. അതുപോലെ വിദേശികളടക്കമുള്ള ടൂറിസ്റ്റ് സഞ്ചാരികൾ മലമൂത്ര വിസർജ്ജനം നടത്തുന്നത് വേമ്പനാട്ടു കായലിലാണ്. ഈ വിസർജ്ജന വസ്തുക്കൾ ശേഖരിക്കുന്നതിന് ഹൗസ് ബോട്ടുകളിൽ സംവിധാനങ്ങളില്ല. ഹൗസ് ബോട്ടുകളിൽ ഉണ്ടാകുന്ന മലിനീകരണം തടയുന്നതിന് എല്ലാ ബോട്ടുകളിലും ബയോ ഗ്യാസ് സംവിധാനം ഏർപ്പെടുത്തണം. അതുപോലെ പ്ലാസ്റ്റിക് നിർമ്മിതമായിട്ടുള്ള കുപ്പികളും കവറുകളും വെള്ളത്തിൽ നിക്ഷേപിക്കുന്നു. ഇതു യഥാസമയം നീക്കം ചെയ്യുന്നതിനുള്ള സംവിധാനമില്ല. വേമ്പനാട്ടു കായലിലെ വെള്ളം മലിനമാകാതിരിക്കുന്നതിന് ഹൗസ് ബോട്ടുകളിൽ ഔട്ട്ബോർഡ് എൻജിനുകൾ ഘടിപ്പിക്കണം. വെള്ളത്തിൽ പെട്രോളും മണ്ണെണ്ണയും വീഴുന്നതുമൂലം കായലിലെ മൽസ്യങ്ങൾക്കും കക്കയിറച്ചിക്കും മണ്ണെണ്ണയുടെ ദുസ്സ്വാദുണ്ട്. അതു മൽസ്യത്തൊഴിലാളികളെ ഉത്ക്കണ്ഠാകുലരാക്കുന്നുണ്ട്. കായലിൽ കുളിക്കാനിറങ്ങുന്നവരുടെ തൊക്ക് ചൊറി പിടിച്ചു തുടങ്ങിയിരിക്കുകയാണ്. കാശ്മീരിൽ ഭീകര പ്രവർത്തനങ്ങൾ വർദ്ധിച്ചതോടുകൂടി അവിടത്തെ ഹൗസ് ബോട്ടുകൾക്കു പകരം വേമ്പനാട്ടു കായലിൽ ആരംഭിച്ചിട്ടുള്ള ഹൗസ് ബോട്ടുകൾ വളരെ ആകർഷണീയമായതിന്റെ ഫലമായി ആളുകൾ ഇവിടെ വരികയും ഹൗസ് ബോട്ടുകളിൽ ക്യാമ്പു ചെയ്യുകയും ചെയ്യുന്നത് നല്ലതു തന്നെയാണ്. പക്ഷേ വിദേശ ടൂറിസ്റ്റുകൾ, ഇന്ത്യയുടെ ഉള്ളിൽ തന്നെയുള്ള ടൂറിസ്റ്റുകൾ എന്നിവർ ഇതുപയോഗിക്കുമ്പോൾ, കുട്ടനാട്ടിലെ വേമ്പനാട്ടു കായൽ മലീമസമാകാതിരിക്കുന്നതിനുവേണ്ടിയുള്ള ഏറ്റവും കടുത്ത തരത്തിലുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ, ആ വെള്ളം കുടിക്കുന്നതിന്റെ ഫലമായി, ആ നാട്ടിലെ ജനങ്ങൾ മാരകമായ രോഗങ്ങൾക്കു വിധേയരാകുന്നതാണ്. അത് ഉണ്ടാകാതിരിക്കാൻ കർശനമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, 2002-ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനം അനുസരിച്ച് 147 ഹൗസ് ബോട്ടുകൾ ആലപ്പുഴ ജില്ലയിൽ മാത്രം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനം ഒട്ടുക്ക് 202 ഹൗസ് ബോട്ടുകൾ ഉള്ളതിൽ ഏതാണ്ട് 80 ശതമാനം ഹൗസ് ബോട്ടുകളും ആലപ്പുഴ, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വേമ്പനാട് കായലിൽ പ്രവർത്തിക്കുന്നുണ്ട്. ഒന്നോ അതിൽ കൂടുതലോ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകളിൽ 6 മുതൽ 25 ആളുകൾ വരെ രാത്രിയും പകലും ചെലവഴിക്കുന്നുണ്ട്. 24 ശതമാനം ബോട്ടുകളിൽ മാത്രമേ മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളൂ. ശേഷിക്കുന്ന ഹൗസ് ബോട്ടുകൾ മാലിന്യങ്ങൾ വേമ്പനാട് കായലിലേക്കും മറ്റു ജലാശയങ്ങളിലേക്കും നേരിട്ട് ഒഴുക്കുന്നു. 2004-ൽ ലോകായുക്ത വിധിയുടെ അടിസ്ഥാനത്തിലാണ് ഹൗസ് ബോട്ടുകൾ ബോർഡിന്റെ അനുമതിക്കായി സമീപിച്ചത്. 2005 ജനുവരി മുതലാണ് ബോർഡ് ഹൗസ് ബോട്ടുകളിൽനിന്നും അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയത്. നാളിതുവരെ 170 അപേക്ഷകൾ ഹൗസ് ബോട്ടുകളിൽനിന്നും ബോർഡിനു ലഭിച്ചിട്ടുണ്ട്. 100 എണ്ണത്തിന്റെ അപേക്ഷകളിൽ ബോർഡ് ഉദ്യോഗസ്ഥന്മാർ ഹൗസ് ബോട്ടുകൾ സന്ദർശിച്ച് പരിശോധന നടത്തി. 25 എണ്ണത്തിന് കൺസെന്റുകൾ ഇതിനകം നൽകി. ബയോടാങ്ക് വെച്ച ഹൗസ് ബോട്ടുകൾക്കാണ് അനുമതി കൊടുത്തിട്ടുള്ളത്. ഈ ബോട്ടുകളും 2005 ജൂൺ മാസം കഴിയുമ്പോൾ കരയിലുള്ള സംസ്ക്കരണ പ്ലാന്റിൽ മാലിന്യങ്ങൾ സംസ്ക്കരണം നടത്തണമെന്നാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിബന്ധന നൽകിയിട്ടുള്ളത്. ജൂൺ മാസത്തിൽ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ രണ്ട് സംസ്ക്കരണ പ്ലാന്റുകൾ കരയിൽ സ്ഥാപിക്കുന്നുണ്ട്. ഓയിൽ മലിനീകരണം തടയുന്നതിന് മൂന്നു മാസത്തിനകം ഹൗസ് ബോട്ടുകളിൽ ഘടിപ്പിച്ചിട്ടുള്ള എല്ലാ 2 സ്ട്രോക്ക് എഞ്ചിനുകളും ഫോർ സ്ട്രോക്ക് എഞ്ചിനുകളാക്കി മാറ്റണമെന്ന നിബന്ധനയും നൽകിയിട്ടുണ്ട്. അതല്ലെങ്കിൽ അത് ഇൻബോർഡ് എഞ്ചിൻ ആക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണത്തെക്കുറിച്ച് ഹൗസ് ബോട്ട് ഉടമകളുടെയും ബന്ധപ്പെട്ട എല്ലാപേരുടേയും യോഗം വിളിച്ചു ചേർത്ത് ചർച്ച നടത്തി. സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെയും ഹൗസ് ബോട്ട് ഉടമകളുടേയും പൊതു അഭിപ്രായം എന്നു പറയുന്നത് ഹൗസ് ബോട്ടുകളിൽ ഖര-ദ്രവ മാലിന്യങ്ങൾ ശേഖരിക്കാനുള്ള സംവിധാനം ഉണ്ടാക്കി ജട്ടിയോട് അനുബന്ധിച്ച് സ്ഥാപിക്കുന്ന സംസ്ക്കരണ ശാലയിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യണമെന്നാണ്. ഇതിനുള്ള തുടർ നടപടികൾ സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. ഹൗസ് ബോട്ടുകളെ ജലമലിനീകരണ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് ബോർഡിൽ നിന്നുള്ള കൺസെന്റ് എടുപ്പിക്കാനുള്ള നടപടികൾ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ബോർഡ് നൽകുന്ന കൺസെന്റിൽ മാലിന്യശേഖരണ ശുദ്ധീകരണ നിർമ്മാർജ്ജന പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബോർഡിന്റെ ആലപ്പുഴ ജില്ലാ ആഫീസിൽനിന്ന് അതിലേയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ ഹൗസ് ബോട്ടുകളേയും ജനമലിനീകരണ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും

LIBRARY ARCHIVES Kerala Legislative Assembly

കൺസെന്റ് എടുപ്പിക്കുകയും മാലിന്യ സംസ്ക്കരണത്തിനായി ജട്ടിക്കുസമീപം സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതോടെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണ പ്രശ്നത്തിന് പരിഹാരം ആകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടുവരികയാണ്.

(2) സ്വയംഭരണസ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന ആവശ്യം

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന കോർപ്പറേഷനുകളിലേയും കമ്പനികളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ളതാണ്. സബ്മിഷനിലൂടെ ഉന്നയിക്കുന്ന എന്റെ ആവശ്യം. ഇവിടെ നടക്കുന്ന നിയമനങ്ങൾ ഒന്നും സുതാര്യമായി വരുന്നില്ല. അതുമാത്രമല്ല. പബ്ലിക് സർവ്വീസ് കമ്മീഷനിൽ കൂടി നിയമനം നടക്കുമ്പോൾ റിസർവേഷൻ സൗകര്യം ലഭിക്കുന്നുണ്ട്. കമ്പനികളിലേയും കോർപ്പറേഷനുകളിലേയും ചീഫ് എക്സിക്യൂട്ടീവുകൾ നടത്തിവരുന്ന നിയമനങ്ങൾ, അവർ നടത്തുന്ന ടെസ്റ്റുകൾ ഇതൊന്നും ശരിയായ രീതിയിൽ നടക്കുന്നില്ല. അവിടെ റിസർവേഷൻ ആനുകൂല്യങ്ങളും ഇല്ല. അതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് റിസർവേഷൻ ആനുകൂല്യങ്ങൾ ലഭിക്കുവാനും നിയമനങ്ങൾ സുതാര്യമായി നടത്തുവാനുമുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പി. എസ്. സി.-യുടെ പരിധിയിലേക്ക് വിട്ടുകൊടുത്തിരിക്കുന്നത് ഇപ്പോൾ 104 പൊതുമേഖലാസ്ഥാപനങ്ങളിലേയും 8 ലോക്കൽ അതോറിറ്റികളിലേയും നിയമനങ്ങളാണ്. അതിൽ 70 പൊതുമേഖലാ സ്ഥാപനങ്ങളിലും 3 ലോക്കൽ അതോറിറ്റികളിലും മാത്രമേ പി.എസ്.സി. വഴി നിയമനം നടക്കുകയുള്ളൂ. ബാക്കി 34 പൊതുമേഖലാ സ്ഥാപനങ്ങളിലും 5 ലോക്കൽ അതോറിറ്റികളിലും തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നിയമനചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ പബ്ലിക് സർവ്വീസ് കമ്മീഷന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമനങ്ങൾ നടത്താനുള്ള നടപടി സ്വീകരിക്കും.

(3) നെടുമങ്ങാട് താലൂക്കിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, തിരുവനന്തപുരം ജില്ലയിൽ പൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ട നെടുമങ്ങാട് താലൂക്കിലെ ജനങ്ങൾ അതിരൂക്ഷമായ യാത്രാക്ലേശമാണ് അനുഭവിക്കുന്നത്. നെടുമങ്ങാട് താലൂക്കിൽ അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly